പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 566** 28-02-2017 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ നടപടി

| ചോദ്യം<br>**ശ്രീ.എം. സ്വരാജ്** | | ഉത്തരം<br>**ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നുവെന്നും എത്രയെണ്ണം ലാഭത്തിലായിരുന്നുവെന്നും അറിയിക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് വ്യവസായവകുപ്പിന്റെ അധീനതയിലുള്ള 10 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലും 31 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്. |
| (ബി) | ഇവയുടെ നഷ്ടം നികത്തി ലാഭത്തിലാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു എന്നും അവ കാരണം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ? | (ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുൾപ്പെടെയുള്ളവയുടെ പ്രവർത്തനം അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നിലവിലുള്ള വിറ്റുവരവ് ഘട്ടംഘട്ടമായി ഉയർത്തുന്നതിനുള്ള വികസന പദ്ധതികൾക്കാണ് ഇപ്പോൾ പ്രാമുഖ്യം നൽകിവരുന്നത്. ഈ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശവും തുടർന്നുള്ള അവലോകനവും റിയാബ് മുഖേന നടപ്പിലാക്കിവരുന്നു.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്നീ |

സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും, ഉൽപ്പാദന വൈവിദ്ധ്യവത്ക്കരണത്തിനുമുള്ള പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകി 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2016-17 സാമ്പത്തികവർഷം വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും പുനരുജ്ജീവനത്തിനുമായി 100 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി നൽകിവരുന്നു.

സെക്ഷൻ ഓഫീസർ